**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4944** **11-08-2021 - ൽ മറുപടിയ്ക്ക്**

**മോർട്ടൽ കോൺഫറൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ ആശുപത്രികളിൽ കോവിഡ് മൂലം മരണമടയുന്ന കേസുകളിൽ മോർട്ടൽ കോൺഫറൻസ് നടത്താറുണ്ടോയെന്നറിയിക്കാമോ; | (എ) | കേരളത്തിലെ കോവിഡ് മരണങ്ങൾ ഓഡിറ്റ് ചെയ്യുന്നത് ജില്ലാതലത്തിലും തുടർന്ന് സംസ്ഥാനതലത്തിൽ രൂപീകരിച്ച ഡെത്ത് ഓഡിറ്റ് കമ്മിറ്റിയുമാണ്. കേരളത്തിൽ നിലവിൽ കോവിഡ് മരണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്നത് ജില്ലാതല വികേന്ദ്രീകൃത ഓൺലൈൻ സംവിധാനത്തിലൂടെയാണ്. ഇതിനായി സജ്ജമാക്കിയ ഓൺലൈൻ റിപ്പോർട്ടിംഗ് പോർട്ടലിലൂടെ ചികിത്സിച്ച ഡോക്ടർമാർ തന്നെയാണ് മരണം റിപ്പോർട്ട ചെയ്യുന്നത്, പകർച്ചവ്യാധി മരണങ്ങളുടെ യഥാർത്ഥ കാരണങ്ങൾ കണ്ടെത്തുന്നതിനും, ഭാവിയിൽ അവ പരിഹരിച്ച് ആവശ്യമായ നടപടികൾ യഥാസമയം കൈക്കൊള്ളുന്നതിനും, ആവശ്യമെങ്കിൽ വെർബൽ ഓട്ടോപ്സി ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതിനുമായി സംസ്ഥാനതലത്തിൽ 2019 -ൽ രൂപീകരിക്കപ്പെട്ട ഡെത്ത് ഓഡിറ്റ് സമിതി കോവിഡ് മരണങ്ങളുടെയും ഓഡിറ്റ് നടത്തുകയും സർക്കാരിലേയ്ക്ക് റിപ്പോർട്ടുകൾ സമർപ്പിക്കുകയും ചെയ്യുന്നുണ്ട്. |
| (ബി) | കഴിഞ്ഞ അഞ്ച് വർഷകാലയളവിൽ കേരളത്തിലെ മെഡിക്കൽ കോളേജുകളിൽ എത്ര മോർട്ടൽ കോൺഫറൻസ് നടത്തിയിട്ടുണ്ട്; ഉണ്ടെങ്കിൽ പരാമർശിച്ച കാര്യങ്ങൾ എന്തെല്ലാം; വിശദവിവരം നൽകാമോ? | (ബി) | തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ 30 മോർട്ടാലിറ്റി കോൺഫറൻസുകൾ നടത്തിയിട്ടുണ്ട്. മോർട്ടാലിറ്റി കോൺഫറൻസിൽ മരണകാരണം സംബന്ധിച്ച് വിശദമായ വിശകലനം നടത്തുകയും മരണകാരണം സ്ഥിരീകരിക്കുകയും ചെയ്യുന്നു. തൃശൂർ സർക്കാർ മെഡിക്കൽ കോളേജിൽ എല്ലാ മാസവും മോർട്ടൽ കോൺഫറൻസുകൾ നടത്തുകയും മരണം സംബന്ധിച്ച് അസാധാരണമായതോ ചികിത്സാ പിഴവുകളോ ഒന്നും കണ്ടെത്തിയിട്ടുമില്ല. കോഴിക്കോട് മെഡിക്കൽ കോളേജിലും ഡെത്ത് ഓഡിറ്റ് ചർച്ചകൾ നടത്തുകയും മരണകാരണങ്ങൾ അനുബന്ധ രോഗാവസ്ഥകൾ, രോഗ |

| | | | |
|---|---|---|---|
| | | | നിയന്ത്രണത്തിനാവശ്യമായ നടപടികൾ എന്നിവ ചർച്ച ചെയ്യാറുമുണ്ട്. മഞ്ചേരി മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഡെത്ത് ആഡിറ്റ് മെഡിക്കൽ കോളേജിലെ വകുപ്പ് മേധാവികൾ ഉൾപ്പെടെ പങ്കെടുത്ത് ഡി.എം.ഒ തലത്തിലാണ് നടത്തി വരുന്നത്. കൊല്ലം മെഡിക്കൽ കോളേജിൽ രണ്ട് മോർട്ടൽ കോൺഫറൻസുകൾ നടത്തുകയും മരണകാരണങ്ങളെക്കുറിച്ചും മറ്റും ചർച്ച ചെയ്തിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ